പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 3003

28.01.2014 ൽ
മറുപടിക്ക്

## ഏറനാട് നിയോജകമണ്ഡലത്തിലെ അനധികൃത നെൽവയൽ നികത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ : | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) ഏറനാട് നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ അനധികൃതമായി നെൽവയൽ നികത്തിയതുമായി ബന്ധപ്പെട്ട് ആർക്കെങ്കിലുമെതിരെ പരാതി ജില്ലാ അധികാരിക്ക് ലഭിച്ചിരുന്നോ ; വ്യക്തമാക്കാമോ ; | (എ) ഉണ്ട്. എടവണ്ണ വില്ലേജിൽ ശ്രീ.പാറക്കാടൻ മുഹമ്മാജി S/o അഹമ്മദ് എന്നയാളുടെ കൈവശമുള്ള ബ്ലോക്ക് 73, റീസർവെ നം.41/5, 6 ൽപ്പെട്ട ഭൂമിയിലെ അനധികൃത തരംമാറ്റം സംബന്ധിച്ചും അരീക്കോട് ബസ് സ്റ്റാൻഡ് നിർമ്മാണത്തിന്റെ മറവിൽ നടത്തുന്ന അനധികൃത തരം മാറ്റം സംബന്ധിച്ചും പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ആർക്കെതിരെയാണ് പരാതി ലഭിച്ചിട്ടുള്ളതെന്നും അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ; | (ബി) ശ്രീ.പാറക്കാടൻ മുഹമ്മാജിക്കെതിരായ പരാതി നടപടികൾക്കായി പെരിന്തൽമണ്ണ സബ്കളക്ടർക്ക് അയച്ചിട്ടുള്ളതായി മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിരുന്നു. ബസ് സ്റ്റാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് നൽകിയ പരാതിയിൽ അരീക്കോട് കൃഷി ഓഫീസറുടെ റിപ്പോർട്ട് തേടിയിരുന്നുവെങ്കിലും പരാതി നൽകിയവർ ബഹു.ഹൈക്കോടതിയിൽ WP(C)24894/2013 നമ്പരായി കേസ് നൽകിയിട്ടുള്ളതും പ്രസ്തുത കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുള്ളതിനാൽ കോടതി വിധിക്കനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഇല്ലെങ്കിൽ ഇത്തരം അനധികൃതമായ നടപടിക്കെതിരെ അടിയന്തിരമായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) | അനധികൃത തരംമാറ്റങ്ങളുമായി ബന്ധപ്പെട്ട കേസുകളിൽ സാദ്ധ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. എങ്കിലും ഭൂരിഭാഗം പഞ്ചായത്തുകളിലും ഡാറ്റാ ബാങ്ക് വിജ്ഞാപനം പൂർത്തിയായിട്ടില്ലാത്തതിനാൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കർശനമായ നടപടികൾ സ്വീകരിക്കുന്നതിന് നിയമപരമായ തടസ്സങ്ങൾ നേരിടുന്നുണ്ട്. |

Sreelekha TP

സെക്ഷൻ ഓഫീസർ